# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2632 — 12.03.2018-ൽ മറുപടിക്ക്

## ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.എം.ഷാജി** | | പ്രൊഫ: സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) 2014-2015 അധ്യയനവർഷം കേരളത്തിൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളായി ഉയർത്തിയ സ്കൂളുകൾക്ക് 2016-17,2017-18 അധ്യയന വർഷങ്ങളുടെ തുടക്കത്തിൽ ഗവൺമെന്റ് അധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവ് വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയിരുന്നോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | എ) | 04.08.2016 തീയതിയിലെ സ.ഉ.(സാധാ) നം.2539/2016 ഉത്തരവ് പ്രകാരം 2016-17 വർഷത്തിലും 02.06.2017 സ.ഉ (സാധാ) 1698/17 പ്രകാരം 2017-18 വർഷത്തിലും ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കാത്ത രീതിയിൽ അദ്ധ്യയനം നടത്തുന്നതിനുള്ള എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ബി) | ആർ.എം.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈസ്കൂളുകളായി ഉയർത്തിയ എല്ലാ സ്കൂളുകളും ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ അംഗീകാരം ലഭിക്കാത്തതും എന്നാൽ സംസ്ഥാന സർക്കാർ ചെലവിൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ച എല്ലാ സ്കൂളുകളും സർക്കാർ സ്കൂളായി കണക്കാക്കി പ്രസ്തുത സ്കൂളിലേക്ക് ആവശ്യമായ അദ്ധ്യാപക / അദ്ധ്യാപകേതര തസ്തികകൾ സർക്കാർ സ്കൂളിലേതുപോലെ തന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലംമാറ്റവും നിയമനവും നടത്താൻ **07.10.2016** തീയതിയിലെ സ.ഉ.(എം.എസ്) നം.**173/2016/** പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അതിനാൽ പ്രസ്തുത സ്കൂളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സങ്ങൾ ഒന്നും നേരിടേണ്ടി വരുന്നില്ല. |

സെക്ഷൻ ഓഫീസർ

H/56764/2016/DPI
8/8/2016

KSTA STATE COMMITTEE THIRUVANANTHAPURAM THYCAUD

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് - 2016-17 അദ്ധ്യായന വർഷം അധ്യാപകരെ താല്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(സാധാ) നം:2539/2016/പൊ.വി.വ തീയതി, തിരുവനന്തപുരം, 4.8.2016

---

പരാമർശം: പൊതുവിദ്യാഭ്യാസഡയറക്ടറുടെ 15.06.2016 ലെ എച്ച്2/39221/16/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 2016-17 അധ്യയന വർഷം ആരംഭിച്ചതിനാൽ ഈ വർഷത്തെ തസ്തികനിർണ്ണയ നടപടികൾ അവസാനിക്കാതെ ഒഴിവുകൾ കണക്കാക്കി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാനാകില്ല എന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും പ്രഥമാധ്യാപകരുടെയും പി.റ്റി.എ ഭാരവാഹികളുടെയും ജനപ്രതിനിധികളുടെയും ഭാഗത്തുനിന്നും സ്കൂളുകളിൽ അധ്യാപകരില്ലാത്തതുമൂലം അധ്യയനം മുടങ്ങുന്നതായി നിരന്തരമായി എല്ലാ ജില്ലകളിൽ നിന്നും പരാതി ഉയരുന്നതിനാൽ ഇതിന് അടിയന്തരമായി പരിഹാരം കാണുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എ) 2015-16-ൽ അധികമായി കണ്ടെത്തിയ അധ്യാപകരെ മുഴുവൻ നിലവിലുള്ള ഒഴിവുകളിലേക്ക് സ്ഥലംമാറ്റി ക്രമീകരിച്ചിരിക്കണം. ഈ വർഷത്തെ (2016-17) തസ്തിക നിർണ്ണയം കഴിഞ്ഞാലുടൻ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 14.08.2002 ലെ ജി.ഒ(പി).നം.249/2002/പൊ.വി.വ, 20.12.2004 ലെ ജി.ഒ(പി).നം.382/2004/പൊ.വി.വ, 26.02.2016 ലെ ജി.ഒ(പി).നം. 28/2016/ധന.വ. തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി) 2015-16 ലെ തസ്തിക നിർണ്ണയത്തിൽ ഏതെങ്കിലും കാറ്റഗറിയിൽ അധ്യാപകർ അധികമെന്ന് കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്.

ഡി) 2016-17 അധ്യയന വർഷത്തിൽ 1 മുതൽ 5 വരെ ക്ലാസ്സുകളിൽ 1:30, 6 മുതൽ 8 വരെ ക്ലാസ്സുകളിൽ 1:35, 9 മുതൽ 10 വരെ ക്ലാസുകളിൽ 1:45 അനുപാതത്തിൽ ഡിവിഷനും ഒഴിവും നിലനിൽക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ നിയമനം നടത്താവൂ.

ഇ) പി.എസ്.സി ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ് എന്നാൽ പ്രസ്തുത അധ്യാപകന്റെ സേവനവേതന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ കണക്കാക്കുന്നതല്ല.

എഫ്) 26.02.2016 ലെ ജി.ഒ(പി) നമ്പർ 28/2016/ധന.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അധ്യാപകർക്ക് പ്രതിദിനം 850/- രൂപയും (പ്രതിമാസം പരമാവധി തുക 24650/- രൂപ), ഹൈസ്കൂൾ അസിസ്റ്റന്റ് പ്രതിദിനം 975/- രൂപയും (പ്രതിമാസം പരമാവധി തുക 29200/- രൂപ), പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാധ്യാപകർക്ക് പ്രതിദിനം 675/- രൂപയും (പ്രതിമാസം പരമാവധി തുക 18900/- രൂപ) പ്രൈമറി സ്കൂൾ പാർട് ടൈം ഭാഷാധ്യാപകർക്ക് 650/- രൂപയും വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ആർ. കുമാർ

സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം,തിരുവനന്തപുരം
ധനകാര്യ(എഡ്യൂ.എ) വകുപ്പ്
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)
വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:- ബഹു.വിദ്യാഭ്യാസമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

H- 41090/14
2/6/17.

കേരള സർക്കാർ

**സംഗ്രഹം**

2017-18 അദ്ധ്യയന വർഷം അദ്ധ്യാപകരെ താല്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

സ.ഉ(സാധാ) നം. 1698/17/പൊവിവ                    തിരുവനന്തപുരം, തീയതി 02/06/2017

---

പരാമർശം:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/5/2017 തീയതിയിലെ എച്ച്(2)/34017/2017/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 2017-18 അധ്യയന വർഷം ആരംഭിച്ചതിനാൽ ഈ വർഷത്തെ തസ്തികനിർണ്ണയ നടപടികൾ അവസാനിക്കാതെ ഒഴിവുകൾ കണക്കാക്കി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യാനാകില്ല എന്ന സാഹചര്യം നിലനിൽക്കുന്നുവെന്നും സ്കൂളുകളിൽ അദ്ധ്യാപകരില്ലാത്തതുമൂലം അധ്യയനം മുടങ്ങുന്നതായും അതിന് പരിഹാരം കാണുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

എ) അതത് കാലത്ത് നിലവിലിരിക്കുന്ന തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഏതെങ്കിലും കാറ്റഗറിയിൽ അദ്ധ്യാപകർ അധികമെന്ന് കണ്ടെത്തിയ സ്കൂളുകളിൽ അവർ തുടരുന്നുവെങ്കിൽ പ്രസ്തുത കാറ്റഗറിയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തരുത്. അധികമായി കണ്ടെത്തിയ അദ്ധ്യാപകരെയെല്ലാം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥലം മാറ്റി ക്രമീകരിച്ചിരിക്കണം. ഈ വർഷത്തെ (2017-18) തസ്തിക നിർണ്ണയം കഴിഞ്ഞാൽ ഒഴിവുകൾ സത്വരം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) 14-8-2002 ലെ ജി.ഒ (പി) നം. 249/2002/പൊവിവ, 20-12-2004-ലെ ജി.ഒ (പി) നം. 382/2004/പൊവിവ, 26-02-2016-ലെ ജി.ഒ (പി) നം. 28/2016/ധന.വ തുടങ്ങിയ ഉത്തരവുകളിലൂടെ സർക്കാർ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ കർശനമായും പാലിച്ചിരിക്കണം.

സി) പി.എസ്.സി ലിസ്റ്റ് നിലനിൽക്കുന്ന ജില്ലകളിൽ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അപേക്ഷകരായിട്ടുണ്ടെങ്കിൽ അത്തരം ഉദ്യോഗാർത്ഥികളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്. എന്നാൽ പ്രസ്തുത അദ്ധ്യാപകന്റെ സേവനവേതന വ്യവസ്ഥകൾ യാതൊന്നും തന്നെ ഭാവിയിൽ ടിയാൾക്ക് പി.എസ്.സി മുഖേനയുള്ള സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ കണക്കാക്കുന്നതല്ല.

ഡി) 26-02-2016-ലെ ജി.ഒ (പി) നമ്പർ 28/2016/ധന.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 850/- രൂപയും (പ്രതിമാസം പരമാവധി തുക 24650/- രൂപ), ഹൈസ്കൂൾ അസിസ്റ്റന്റ് പ്രതിദിനം 975/- രൂപയും (പ്രതിമാസം പരമാവധി തുക 29200/- രൂപ), പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 675/- രൂപയും (പ്രതിമാസം പരമാവധി തുക 18900/- രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 650/- രൂപയും വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

Dup SO